നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

286 (634) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ ചിലർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതൊക്കെ പ്രായത്തിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്ന് വിശദമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും സർട്ടിഫിക്കറ്റ് ലഭിക്കാൻ നടപടി സ്വീകരിക്കുമോ ; നിലവിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

1	എലവഞ്ചേരി	14
2	കൊടുവായൂർ	....
3	കൊല്ലങ്കോട്	9
4	മുതലമട	1195
5	നെല്ലിയാമ്പതി	171
6	നെന്മാറ	30
7	പല്ലശ്ശേന	....
8	പുതുനഗരം	....
9	അയിലൂർ	130
10	വടവന്നൂർ	....
	ആകെ	1549

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊല്ലങ്കോട് പഞ്ചായത്തിൽപ്പെട്ട ചില കുടുംബങ്ങൾക്കാണ് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കോളനി നിവാസികളുടെ ജാതി നിർണ്ണയം നടത്തുന്നതിനുവേണ്ടി കിർത്താഡ്സ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

ആദിവാസി മിഷൻ റിപ്പോർട്ട്

287 (635) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി മിഷൻ ഏറ്റവും ഒടുവിൽ റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി പുനരധിവാസ വികസന മിഷൻ ഏറ്റവും ഒടുവിലായി കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മാർച്ച് 2015-ന് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ആദിവാസി പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

288 (636) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വിശദീകരിക്കാമോ ; പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly